പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1993 14.07.2011- ലെ മറുപടി

## പൊന്നാനിയിൽ നിന്ന് കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പൊന്നാനിയിൽ നിന്ന് പുതുപൊന്നാനി ചാവക്കാട് എൻ.എച്ച്.17 വഴി തൃശ്ശൂരിലേക്ക് നേരിട്ട് കെ.എസ്.ആർ.ടി.സി ബസ്സില്ലാത്തതുമൂലം യാത്രക്കാർ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ്സ് അനുവദിക്കുമോ; എങ്കിൽ അത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) | ടി റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടി 7 സർവ്വീസുകളുടെ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | മലപ്പുറം ജില്ലയുടെ തെക്കേ അറ്റമായ പെരുമ്പടപ്പ് മാറഞ്ചേരി റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി ഗുരുവായൂർ ഡിപ്പോയിൽ നിന്ന് ജില്ലാ ആസ്ഥാനത്തേക്ക് സർവ്വീസ് നടത്തുവാൻ സാധിക്കുമോ; എങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഗുരുവായൂർ ഡിപ്പോയിൽ നിന്നും പെരുമ്പടപ്പ് മാറഞ്ചേരി റൂട്ടിലൂടെ മലപ്പുറത്തേക്ക് പുതിയ സർവ്വീസ് ആരംഭിച്ചാൽ ആയത് കോർപ്പറേഷന് ലാഭകരമോ, പൊതുജനങ്ങൾക്ക് ഉപകാരപ്രദമോ ആകില്ലായെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കിയിട്ടുള്ളത്. ആയതിനാൽ ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ